പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 3176 — 14-03-2018-ൽ മറുപടിക്ക്

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി സാവധാനത്തിൽ പുരോഗമിക്കുന്നതിനുള്ള കാരണം

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | എ) | കേരള സർക്കാരും, ടീക്കോം ദുബായിയും ഒപ്പ വച്ചിട്ടുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡവലപ്മെന്റ് പ്ലാൻ പ്രകാരമാണ് കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർമ്മാണ പൂർത്തീകരണം തിട്ടപ്പെടുത്തിയിരിക്കുന്നത്. പദ്ധതി എഗ്രിമെന്റ് പ്രകാരമുള്ള ക്ലോസ്സിങ്ങ് തീയതി നിശ്ചയിച്ച ശേഷം 10 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചി-രിക്കുന്നത്. |
| (ബി) | നിശ്ചയിച്ച സമയത്ത് തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമോ എന്ന് അറിയിക്കുമോ; | ബി) | ഐ.ടി യുമായി ബന്ധപ്പെട്ട കൊമേഴ്സ്യൽ ഡവലപ്പ്മെന്റിന്റെ ഭാഗമായ 66 ലക്ഷം ച.അടി ബിൽഡപ്പ് ഏരിയ സമയബന്ധിതമായി പുരോഗമിക്കുന്നുണ്ട്. ഇത് 2021-യോടെ പൂർത്തീകരിക്കപ്പെട്ടു-ന്നതാണ്. നിർമ്മാണ രംഗത്തുണ്ടായിട്ടുള്ള ഇടിവും ഐ.ടി രംഗത്തുള്ള മാന്ദ്യതയും |

| | | | |
|---|---|---|---|
| | | | കൂടുതൽ നിക്ഷേപത്തിനും പ്രോജക്ടിന്റെ ടൗൺഷിപ്പിലുള്ള ഭവന നിർമ്മാണത്തേയും ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും 3000 വിദ്യാർത്ഥികളെ ഉൾക്കൊള്ളാവുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനം സ്മാർട്ട് സിറ്റി ടൗൺഷിപ്പിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. 2018-ലെ സ്കൂൾ വർഷാരംഭത്തിൽ ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| സി) | സ്മാർട്ട് സിറ്റിയുടെ ബോർഡ് യോഗം അവസാനമായി ചേർന്നത് എപ്പോൾ; എവിടെ-യായിരുന്നു; പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ എന്തായിരുന്നു; വിശദമാക്കാമോ; | സി) | സ്മാർട്ട് സിറ്റി ഡയറക്ടർ ബോർഡ് 21-02-2018-ൽ ദുബായിലുള്ള ദുബായ് ഹോൾഡിങ്ങിന്റെ ആസ്ഥാനത്തിൽ യോഗം ചേരുകയുണ്ടായി. ബോർഡ്, പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും പുരോഗതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്മാർട്ട് സിറ്റി ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്ത് സ്ഥലം ലഭ്യമാക്കുക, കൂടാതെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാനുള്ള സ്ഥലത്തിന്റെ സമയ ക്രമം എന്നിവ ചർച്ച ചെയ്യുകയുണ്ടായി. |

| | | | |
|---|---|---|---|
| ഡി) | ഐ.ടി. സമുച്ചയങ്ങൾ എത്ര ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിക്കും എന്നായിരുന്ന സ്മാർട്ട് സിറ്റിയുടെ വാഗ്ദാനം എന്ന് വ്യക്തമാക്കുമോ; | ഡി) | ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം 66 ലക്ഷം ച.അടി ഐ.ടി സ്പേയ്സ് 2020-21 പീരിഡിൽ പൂർത്തീകരിക്കാൻ കഴിയും. |
| ഇ) | ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം ഇതുവരെ എത്ര ചതുരശ്ര അടി പൂർത്തിയായെന്ന് അറിയിക്കുമോ; | ഇ) | 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുള്ള ആദ്യത്തെ ഐ.ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 20-ൽപരം ഐ.ടി കമ്പനികളുടെ പ്രവർത്തനത്തിന് സജ്ജമാക്കിയിട്ടുണ്ട്. ഏകദേശം 55 ലക്ഷം ച.അടി വിസ്താരമുള്ള ഐ.ടി മന്ദിരങ്ങളുടെ നിർമ്മാണം കോ-ഡവലപ്പേഴ്സിന്റെ നേതൃത്വത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 2019 മുതൽ 2021 വരെയുള്ള കാലയളവിൽ ഈ കെട്ടിടങ്ങൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കപ്പെടുന്നതാണ്. |
| എഫ്) | നിർമ്മാണം വളരെ സാവധാനത്തിലാണ് പുരോഗമിക്കുന്നതെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ? | എഫ്) | ഐ.ടി രംഗത്തെ മാന്ദ്യം നിലനിൽക്കേ തന്നെ സ്മാർട്ട് സിറ്റിയിലെ ഐ.ടി മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പുരോഗമിക്കുന്നുണ്ട്. റസിഡൻഷ്യൽ ടൗൺഷിപ്പ് ഏരിയയിലെ പ്രവർത്തനത്തെ റിയൽ എസ്റ്റേറ്റ് മാന്ദ്യം ബാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**